(സി) ഐ. ആർ. ഇ. എൽ.-ൽ മൊത്തം 1047-ഓളം തൊഴിലാളികളും കെ. എം. എം. എൽ.-ൽ മൊത്തം 1950-ഓളം തൊഴിലാളികളും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ നടപടി

*22 [623] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക, ഏകോപിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങളും സഹായങ്ങളും നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ നിയോജകമണ്ഡലത്തിൽ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ നടത്തി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുമോ;

(ഡി) ഇത്തരം ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ വഴി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സർക്കാർ, നിയമപരമായ ഇളവുകളും സാമ്പത്തികാനുകൂല്യങ്ങളും നൽകാൻ തയ്യാറാകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുവാൻ ആലോചനയില്ല, എന്നാൽ ആഗോള നിക്ഷേപക സമ്മേളനത്തിനു മുൻപായി കേരളത്തിലെ വ്യവസായ കരുടെ സമ്മേളനം സംഘടിപ്പിച്ചിരുന്നു.

(സി, ഡി) ചെറുകിട ഇടത്തരം വ്യവസായമേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ജില്ലാതല, സംസ്ഥാനതല കൺവെൻഷനുകളും റോഡ് ഷോകളും നടത്തുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. പുതിയതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് നിയമപരമായ ഇളവുകളും സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നുണ്ട്.

അനധികൃതമായി നിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ നടപടി

*23 [624] ശ്രീ. ടി. പി. എം. സാഹിർ:
,, യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉന്നത ഉദ്യോഗസ്ഥരിൽ ആർക്കൊക്കെയാണ് തങ്ങളുടെ മോട്ടോർ വാഹനങ്ങളിൽ റിവോൾവിംഗ് ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ളത്;

(ബി) അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ എന്ത് നടപടിയാണ് നിലവിൽ സ്വീകരിച്ച് വരുന്നത്;

(സി) ഇത്തരത്തിൽ അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിച്ചതിന് ആർക്കെങ്കിലും എതിരായി ഇതിനകം എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇവർക്കെതിരെ നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) താഴെപ്പറയുന്ന ഉന്നത വ്യക്തികൾക്കാണ് ചുവന്നലൈറ്റ് (റിവോൾവിംഗ്) ഉപയോഗിക്കാൻ അനുവാദമുള്ളത്.

1. കേരളാ ഗവർണ്ണർ
2. കേരളാ മുഖ്യമന്ത്രി
3. കേരളാ നിയമസഭാ സ്പീക്കർ
4. കേരളാ ഹൈക്കോടി ചീഫ് ജസ്റ്റീസ്
5. കേരളാ മന്ത്രിമാർ
6. കേരളാ നിയമസഭാ പ്രതിപക്ഷനേതാവ്
7. കേരളാ ഗവൺമെന്റ് ചീഫ് വിപ്പ്
8. കേരളാ ഹൈക്കോടതി ജഡ്ജിമാർ
9. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ
10. കേരള സംസ്ഥാന ചീഫ് സെക്രട്ടറി
11. കേരള സംസ്ഥാന ലോക് ആയുക്ത
12. കേരള സംസ്ഥാന ഉപ ലോക് ആയുക്ത
13. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വൈസ് ചെയർമാൻ
14. കേരള സംസ്ഥാന അഡ്വക്കേറ്റ് ജനറൽ
15. കേരള സംസ്ഥാന മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ.

ഫ്ളാഷർ ഉള്ള നീല ലൈറ്റ് ഉപയോഗിക്കുവാൻ അനുമതിയുള്ള ഉദ്യോഗസ്ഥർ ഇപ്രകാരമാണ്

1. കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷണർ
2. ജില്ലാ കളക്ടർ
3. ജില്ലകളുടെ ചുമതലയും, ക്രമസമാധാന ചുമതലയുമുള്ള പോലീസ് സൂപ്രണ്ടുമാരും അതിനു മുകളിലുള്ള എല്ലാ പോലീസ് ഓഫീസർമാർ
4. പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്

LIBRARY ARCHIVES Kerala Legislative Assembly

5. റവന്യൂ ഡിവിഷണൽ ഓഫീസർമാർ (സബ് ഡിവിഷണൽ മജിസ്ട്രേറ്റ്)
6. സബ്ഡിവിഷണൽ പോലീസ് ഓഫീസർമാർ (ക്രമസമാധാനം).

താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റൽ വാഹനങ്ങൾക്ക് ചുവപ്പും നീലയും വെള്ളയും ഇടകലർന്ന വർണ്ണത്തിലുള്ള ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

പോലീസ് വകുപ്പ്:

1. ഹൈവേ പോലീസ് വെഹിക്കിൾസ്
2. പോലീസ് കൺട്രോൾ റൂം വെഹിക്കിൾസ്
3. ഫ്ളയിംഗ് സ്കാഡ് വെഹിക്കിൾസ്
4. പോലീസ് സ്റ്റേഷൻ വെഹിക്കിൾസ്.

മോട്ടോർ വാഹന വകുപ്പ്:

മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് വാഹനങ്ങൾ.

ഫയർഫോഴ്സ്

ഫയർ ടെൻഡേർസിനും ഫയർ സ്റ്റേഷൻ വാഹനങ്ങൾക്കും.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 177 അനുസരിച്ച് 100 രൂപ മുതൽ 300 രൂപ വരെ കോടതിക്ക് പിഴ ചുമത്താവുന്നതാണ്.

(സി, ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്വകാര്യ മേഖലയിൽ നിർമ്മിക്കാൻ അനുമതി നൽകിയ മിനി തുറമുഖങ്ങൾ

*24 [625] ശ്രീ. ഷിബു ബേബിജോൺ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ മിനി തുറമുഖങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ എത്ര മിനി തുറമുഖങ്ങൾക്ക് എം. ഒ. യു. ഒപ്പുവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര മിനി തുറമുഖങ്ങൾക്കു വേണ്ടി ബി. ഒ. ടി. കരാർ ഒപ്പുവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുറമുഖങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly